KOTTAYAM PUBLIC LIBRARY

Call No. M.A.I

Acc. No. 18326

Author: ചിണ്ടു. കെ. വി.

Title: അരമനയിലെ അനിരുദ്ധൻ

x

# അരമനയിലെ
# അനിരുദ്ധൻ

13326

ഗ്രന്ഥകർത്താ,

കെ. വി. പിള്ള.

പ്രസാധകൻ,

രാജ്യസേവാനിരതഃ

കെ. ജി. പരമേശ്വരൻപിള്ള

ശ്രീരാമവിലാസം പ്രസ്സ്,

കൊല്ലം

2-ാംപതിപ്പ് കാപ്പി 1000.

കാപ്പിറൈററ് പ്രസാധകന്

വില അണ

1122

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

MAI.

# മുഖവുര.

സഹൃദയലോകത്തിന്റെ കരുണാപൂൎവ്വമായ തലോടലാണു ഞാൻ ആഗ്രഹിക്കുന്നതു്. എന്റെ ഈവിധസാഹസസംരംഭത്തിലുള്ള അനാശാസ്യത എത്രമാത്രം അപരാധപരമായിരുന്നാലും വിജ്ഞാനത്തിന്റെ അപൂൎണ്ണതയെ മാത്രമാണല്ലോ ലോകം പഴിക്കുന്നതു്. ഞാൻ അനുനിമിഷം പ്രേമത്തോടുകൂടി താലോലിച്ചു വളൎത്തുന്ന കവനവല്ലിയിൽ സഞ്ജാതമായ ഒരു പാകഫലമായിരുന്നു 105-ൽ പ്രസിദ്ധപ്പെടുത്തിയ "സാഹിത്യമന്ദഹാസം". അതിനുശേഷം ഇതുവരേയും ഗ്രന്ഥരൂപത്തിൽ യാതൊന്നും പ്രസിദ്ധീകരിക്കാൻ ഇടയായില്ല. ഞാൻ വിനിയോഗിക്കുന്ന ഓരോ മണിക്കൂറുകളും സുകുമാരകലയുടെ നിൎവൃതികരമായ മനോഹരതയിലേയ്ക്കാണു്. അതു് എന്റെ ഹൃദയത്തെ അത്രമാത്രം ആകൎഷിക്കുന്നു. ആ കൂട്ടത്തിൽ മഹാകവി വള്ളത്തോൾ എഴുതിയ ബന്ധനസ്ഥനായ അനിരുദ്ധന്റെ പൂൎവ്വകഥാരംഗം ഇങ്ങനെ എഴുതിത്തീൎത്തു. സഹൃദയസന്നിധിയിൽ ഇതു് എത്രത്തോളം ആസ്വാദ്യമാകുമെന്നു് എനിക്കു നിശ്ചയമില്ല. എന്നാൽ എന്റെ ആഗ്രഹം അതിന്റെ പരിപൂൎണ്ണപരിധിയിലെങ്കിലും എത്തിച്ചേരട്ടേ എന്നു വിചാരിച്ചാണു് ഇപ്രകാരം പ്രസിദ്ധപ്പെടുത്താൻ ഞാൻ സന്നദ്ധനായതു്. ഇതിൽ വല്ല വൈകല്യങ്ങളും എന്റെ ദൃഷ്ടിയിൽ ഒളിഞ്ഞിരിക്കുന്നുവെങ്കിൽ അതു സജ്ജനസന്നിധിയിൽ ക്ഷന്തവ്യമായിരിക്കുമെന്നു് വിശ്വസിക്കുന്നു.

എന്നു് സഹൃദയവിധേയനായ, ഗ്രന്ഥകൎത്താ.

# മഹാകവി വള്ളത്തോളിൻെറ
# അഭിപ്രായം

---

ചിത്രലേഖയാൽ ആനീതനായ അനിരുദ്ധൻ, ഉഷയുടെ കന്യകാന്തഃപുരത്തിൽ രാജഭടന്മാർ വന്നു ബന്ധനസ്ഥനാകുന്നതുവരെ നിഗ്രഢവിഹാരംചെയ്തു എന്ന പുരാണകഥാംശം തന്നെയാണ് നാം "അരമനയിലെ അനിരുദ്ധനി"ൽ വായിക്കുന്നതു്. എങ്കിലും അതിൽ ഒരു നവീനത വരുത്താൻ കാവ്യകാരൻ ശ്ലാഘ്യമാംവണ്ണം ശ്രമിച്ചിട്ടുണ്ടു്.

നൂറു് വസന്തതിലകശ്ലോകങ്ങൾകൊണ്ടും ഒരു ശാർദ്ദൂലവിക്രീഡിതശ്ലോകംകൊണ്ടും വിഭൂഷിതമായ ഇക്കാവ്യം ശ്രീമാൻ കെ. വി. പിള്ളയുടെ വാസനാവിശേഷത്തെ വിശദീകരിച്ചുകൊണ്ടു നമ്മുടെ സാഹിത്യലോകത്തിൽ സമുല്ലസിക്കുമെന്നു ഞാൻ സന്തോഷിക്കുന്നു.

വള്ളത്തോൾ.

# അരമനയിലെ
# അനിരുദ്ധൻ.

---

[ചിത്രലേഖ, ഉറങ്ങുന്ന അനിരുദ്ധനെ എടുത്തുകൊണ്ടുവന്നു് ഉഷയുടെ മടിത്തട്ടിൽ കിടത്തിയിരിക്കുന്നു.]

ഒട്ടേറെനേരമഭിരാമശരീരകാന്തി
തൊട്ടാസ്വദിച്ചു സഖിയോടു കൃതജ്ഞയായി
വെട്ടാത്ത ദൃഷ്ടികൾ കുളുർത്തുമിരിക്കെ, ധീമാൻ
പെട്ടെന്നുണർന്നുഷയതീവ പരിഭ്രമിച്ചു. 1

അയ്യെന്നിതാ! രമണിതന്നണിമെയ്യതാം തൻ
ശയ്യാതലം സപദി കണ്ടുടനാത്തെണീറ്റും
വയ്യാതെ നിദ്രയുടെ അന്തിമപച്ചിലാന്റും
പയ്യെ, കുമാരനവിടൊന്നു പകച്ചുനിന്നു. 2

നീലാരവിന്ദനയനങ്ങൾ വിടർത്തി മെല്ലെ
ബാലപ്രഭാവനനിരുദ്ധകുമാര,നുള്ളിൽ-
ആലസ്യമെന്നവിധമായി മിഴിച്ചുനോക്കി
ആ, ലാക്കിലാ പുതിയ ചിത്രസുരമ്യഹർമ്മ്യം 3

പൊങ്ങും നവീനതരമാം ഭയചിന്തയോടു
ശൃംഗാരഭാവലവമെന്നിയെന്നീറ്റു കന്യാ
എന്നാകിലെന്തിവളതൊക്കെ മറന്നു ധീരൻ
നിന്നാനിലയ്യൂഴ,മൊരോമനമട്ടു പാർത്താൾ. 4

പൂന്തിങ്കളിൻ കുളിരിളംകതിർപോലെ കാന്തി-
യേന്തുന്ന രാജകുലകന്യകതൻെറ കണ്ണിൽ
സ്വാന്തം കവർന്നവിധമായൊരു ശക്തികണ്ടാ-
ക്ലാന്താനനം വിലസി വിസ്മയഭാവമോടെ. 5

ഏതാണിതാരിവിടമെ,ങ്ങിതുമട്ടിലുള്ള
ചേതോവിചാരമനിരുദ്ധമുഖത്തിലെത്തി
ത്യ, തക്കമെങ്ങു സഖികണ്ടു പറഞ്ഞു തെല്ലു
ഭീതിപ്രകമ്പിതമനസ്വിനിയായിയേവം:— 6

വീരാ! കുമാര! വരികിമ്മണിമഞ്ചമങ്ങേ-
ക്കാ രാജകന്യകയൊഴിഞ്ഞുടനേകിയല്ലേ?
പോരായ്മയില്ലിവളിലൊന്നിനു,മങ്ങിരുന്നോ-
തീവ്ര വിചാരവിവശയ്ക്കെഴുമാത്മദുഃഖം. 7

എന്താണനിഷ്ടകരമായൊരു ഭാവഭേദം
ചെന്താർതൊഴും തിരുമുഖത്തിലുദിച്ചിടുന്നു?
എന്തോ വരട്ടെ, നിശയാ,ണറമുദ്രിതം; ഞാ-
നെന്താണു്! തോഴിയിവ,ളങ്ങൊരു ഭീരുവല്ല. 8

ബാണൻ—രണാങ്കണവിശാരദനാം പ്രസിദ്ധ-
ബാണൻെറ നാടിതിവളാത്മതനുജയല്ലോ!
കാണാം കവാടതടസീമനി കാത്തുനില്ക്കു-
മേണാങ്കശേഖരനെ;യെന്തൊരു ശക്തിയെന്നോ! 9

ചൊല്ലാളുമിയുഷ വിവാഹിതയല്ല നല്ല
മല്ലീമനോജ്ഞമുകുളോപമമുഗ്ദ്ധയത്രേ!
ഇല്ലായിരുന്നൊരു വിരുദ്ധവിചാരമിപ്പൊൻ-
ഫുല്ലാരവിന്ദമുഖിയാൾക്കിഹ രാത്രിയോളം. 10

ഞാനെന്റെ ശയ്യയിലുറങ്ങുകയായിരുന്നു
സൂനാസ്ത്രമേനിയെഴുമെന്നുടെ ചാരുമൂർത്തേ!
ഈ നാൾവരയ്ക്കുമഭിമാനിനിയാമുഷയ്ക്കു
ദീനപ്രലാപമതിന്നിങ്ങിടയായതില്ലാ. 11

ഹാ! കന്യതൻ കരളുകാഞ്ഞു കവിഞ്ഞ വാക്കു
ശോകം തുളുമ്പി മമ നിദ്രയെ വേർപെടുത്തി
മാഴ്കുന്നൊരാ സുമുഖി ശയ്യയിലങ്ങൊരാളെ
ആരായുമാറു മുഖഭാവനകണ്ടു ഞാനും. 12

അങ്ങോട്ടടുത്തിവൾ, അവർണ്ണ്യമുഖം ചുവന്നു
വിങ്ങിക്കരഞ്ഞു നെടുവീർപ്പോടുകൂടിയോമൽ
മങ്ങിത്തളർന്നൊരു നവീനമനോജ്ഞ ലജ്ജാ-
ഭംഗിപ്രഭാവവുമിടയ്ക്കുഷയിൽ പകർന്നു. 13

ഇന്നാൾവരയ്ക്കുമിവളൊട്ടുമറഞ്ഞിടാത്തൊ-
രുന്നിദ്രമാം പ്രഥമരാഗസുഖാനുഭൂതി-
തന്നാണിവൾക്കവശഭാവമുയർത്തിയെന്നാ-
കന്യാ സഗദ്ഗദവരോക്തികളാലറിഞ്ഞു. 14

അത്യന്തമോഹന സുഗന്ധസുമങ്ങൾ ചിന്നും
മെത്തപ്പുറത്തിവളൊടൊത്തു ശയിച്ചു മെല്ലെ
ചിത്തം കുളുർത്തു തഴുകീട്ടു മറഞ്ഞൊരാള-
പ്പുത്തൻ കിനാവിലൊരു കന്യനടുങ്ങുമല്ലോ. 15

ആരെന്നുപോലുമറിവില്ല,ളകേശനല്ല,
മാരാരിയ,ല്ലമരരല്ല, ദിനേശനല്ലാ,
ഓരോ ധരാധിപതിമാരെ വരച്ചു ഞാനീ-
നാരീമണിയ്ക്കവരിലാരിലുമില്ല രാഗം. 16

ഗോപാലരൂപ,മിവളാമുഖമൊന്നുയർത്തി
ഗോപാലപുത്ര,നിവൾ കണ്ണുമിടത്തിനോക്കി
ഈ പഞ്ചനായക മനോഹരരൂപ,മാഹാ!
താപപ്രകാശിതയെടുത്തതണച്ചു പുൽകി. 17

ഹ്രീളാഭരം, കലിതസംഭ്രമ,മാശ,യാക്കും
മാലേറുമാറൊരു നിരാശ, സരാഗഭാവം
നാളീകനേത്രയിതുമട്ടുവലഞ്ഞൊരാളി-
യ്ക്കീലാക്കിലെന്തു സുഖമിങ്ങിവൾഖിന്നയായി. 18

സ്നേഹാർദ്രഹൃൽചപലഭാവവിധേയ ഞാനി-
മോഹാത്തതന്നരിയദുഃഖമൊഴിച്ചിടേണ്ടോൾ
ആഹാരലാഭമതിലുള്ളൊരു നന്ദിയല്ലീ
സ്നേഹാധികയ്ക്കെവിടെ,യാരുതുണയ്ക്കയില്ലാ? 19

അദ്ദ്വാരകാസ്പദനമങ്ങു കടന്നു ഞാനി-
ന്നുദ്ദാമധൈര്യ,മവിവേകവുമായിരിയ്ക്കാം!
ബദ്ധപ്പെടാതെയിവൾ മന്ദിരമാന്ററങ്ങു-
മിദ്ദേഹമേന്തിയിവിടിങ്ങനെ കൊണ്ടുവന്നു. 20

ജീവാധിനാഥവരസംഗമലാഭമില്ലാ-
തീവാമനേത്രയൊരുരാത്രി കഴിച്ചുവെങ്കിൽ
ഭാവാനലോജ്ജ്വലവികാരഹൃദന്തയായി-
പ്പൂവൊത്തതാം തനുവുടഞ്ഞുചടച്ചുപോകും. 21

താരുണ്യസൽപ്രഭവിരാജിതരാജസൂനോ!
താരാനിരാന്തികനിശാകര! ദീനബന്ധോ
ഘോരാപരാധമിവൾചെയ്കതുഷയ്ക്കുവേണ്ടി
പോരാ!യിതിന്നുപരിയാകിലുമേറ്റമല്ല. 22

സ്വാമിൻ! പൊറുക്കുക! വിനീതപിഴച്ചതെല്ലാം
ക്ഷേമം പരത്തുകയിവൾക്കുമെന്നിയ്ക്കുമെല്ലാം
ആ, മഞ്ജുബാഹുയുഗളങ്ങൾ പരസ്പരം സ-
പ്രേമംതലോടണമതെൻ നയനാഭിലാഷം. 23

ഭൃത്യാവലീപരിവൃതംപുരി, യെങ്കിലും നാ-
മൊത്താൽ ഭവാനിഹനിഗൂഢനിവാസഗേഹം
സ്തുത്യർഹമാം ചതുരതയ്ക്കുറവാണെനാരി-
ചിത്തംസ്വകാമുകനെയങ്ങനെകാത്തുകൊൾവാൻ.

ആ, വീരനോതി, യപരാധിനി നീ സഖി നി-
ന്നാവേശവൃത്തികുലകന്യകതൻകളങ്കം!
നാവുണ്ട്, വാർത്തയറിയിയ്ക്കുകിലാത്മതുല്യ-
ഭാവത്തിൽ ഞാൻ പരിണയിയ്ക്കുമതെത്രമോദം! 25

അജ്ഞാതവാസമഹിതം ദയിതാസമേത-
മിജ്ജന്മമിങ്ങനെ വലഞ്ഞു വസിക്കയെന്നോ?
മജ്ജീവനിൽ കൊതിതരിമ്പുമെഴില്ലെനിയ്ക്കു
ലജ്ജാകരം നരകജീവിതമാണതോർത്താൽ. 26

എന്നല്ലയീമഹിതസംഗമഹർഷചിത്ത-
ക്കന്യൂനജീവിതവിഹാരമതെത്ര കാമ്യം?
ഒന്നാ മലക്കലകൾതന്നിടയിൽ നടന്നും
നിന്നും കളിപ്പതിനൊരാഗ്രഹമേറുമല്ലോ! 27

സന്ധ്യാഭതന്നരുണിമാമൃതരശ്മി ചിന്നി
ചന്തം തുളുമ്പിവിലസും പ്രിയതൻ മുഖാബ്ജം
അന്തഃപ്രമോദമനിരുദ്ധനു കാൺമതിന്നി-
ങ്ങെന്താണു മാർഗ്ഗ,മതു വേണ്ടതുതന്നെയല്ലേ? 28

പോകട്ടതൊക്കെയതിലേററമസഹ്യമത്രേ
മൂകക്കിളുഷ്യമിന്നിയാകണമെന്നുമാകും
ഹാ കണ്ഠശബ്ദമവിടൊന്നു മുഴങ്ങിയെങ്കി-
ലാ കള്ളിയൊക്കെയുടനേ പലരും ഗ്രഹിക്കും 29

അല്ലാത്തമനാഥയൊടുചേന്നു കളിച്ചു നർമ്മ-
സല്ലാപമെന്നിയിവനെങ്ങനെ നാളുനയിക്കും?
ഉല്ലാസമല്ലി നവദമ്പതികൾക്കുവേണ്ടും
നല്ലോരു ജീവിതസുഖം? സഖിയോത്തിടുന്നോ? 30

സ്വർലോകദുർല്ലഭമനോഹരകാന്തിയാളും
കല്യാത്മതന്റെ സഹവാസസുഖം ലഭിക്കിൽ
എല്ലാവിധം കദനവും സഹനീയ,മെന്നാൽ
വല്ലായ്മയുണ്ടൊരു രഹസ്യനിവാസമോത്തൽ. 31

ബാണാധിരാജസവിധത്തിലണഞ്ഞു ഞാനീ-
യേണാക്ഷിയെ തരണമെന്നറിയിച്ചുകൊണ്ടാൽ
കാണില്ല തെല്ലുമഹിതം, തരു,മീ കുമാർഗ്ഗം
നാണംകെടുന്നതിനു നല്ലോരുപായമല്ലോ 32

അച്ചിത്രകാരിണി തടഞ്ഞു പറഞ്ഞു, ബാണ-
നച്ചണ്ഡശീലനുണനാണനിരുദ്ധനല്ലാ!
വച്ചേയ്ക്കയില്ലിവളെയും പ്രിയപുത്രിയെയും
മെച്ചം ക്ഷമിക്കിലഖിലം ശുഭമായ് ഭവിക്കും 33

“സത്യം സഖി! സദയമെൻപ്രിയനാഥപുത്ര-
നാംത്താർകനിഞ്ഞനുവദിക്കുകിലെന്റെ ഭാഗ്യം”
അത്തന്വി നമ്രമുഖിയായതു ചൊല്ലി, വീര-
ചിത്തം കുളുത്തു, സുകുമാരി തുടന്നു വീണ്ടും. 34

ചേലഞ്ചിടും പ്രകൃതിയാൽ സ്വവിശേഷമാണി
ലീലാവിലാസസദനത്തിനു ചുററുപാടും!
കാലത്തുതൊട്ടിഹ ജനാലകളോടടുക്കാൻ
മേലാതെനിന്നവകളൊക്കെയുമങ്ങുനോക്കാം. 35

വർണ്ണാഞ്ചിതം ഘനപരമ്പര,യങ്ങൊരററം
സ്വർണ്ണാഭമാം ഗിരികൾ, വൃക്ഷകദംബമാറും
അർണ്ണോധി,യിങ്ങു സുമവാടി, രസാലവൃക്ഷം
വർണ്ണിക്കയല്ലിവകളൊക്കെയുമുണ്ടു കാണ്മാൻ 36

കണ്ണാമൃതം ശുകഗളോൽഗ്ഗമഗീതമാകും
പൂർണ്ണത്വനിർവൃതികരം, പരമം, പ്രശാന്തം!
വർണ്ണപ്രകാശിതമയൂരസമൂഹമിങ്ങീ
പർണ്ണങ്ങൾതന്നിടയിലങ്ങനെയാടിനില്ക്കും 37

മന്ദം ഭവാൻ പരിസരങ്ങൾ നിരീക്ഷചെയ്തു-
വെന്നാൽ ക്രമേണ നിശയിൽ മലർവാടിതന്നിൽ
ഒന്നിച്ചുപോയ് കുസൃതിയൊക്കെയുമങ്ങു കാട്ടാ-
മെന്നാത്മനാഥനതു സമ്മതമാകുമല്ലോ! 38

പൂന്തെന്നലിൽ—പുതുമപൂണ്ട പലേനിലാവിൽ
ഞാൻ തോഴിയൊത്തു മലർവാടിയതിൽ ചരിക്കും!
നാംതമ്മിലാകിലുമതാരുമറിഞ്ഞിടില്ല!
കാന്താ! നിരുത്തു തവ സാഹസഭാവമെല്ലാം. 39

പൂങ്കോകിലം തളിരശിച്ചിണയോടു പൂത്ത-
മാങ്കൊമ്പിലാർന്നുതുടരും കളഗാനതുല്യം
സംഗീതസാന്ദ്രവചനാലനിരുദ്ധനന്നു-
ത്തുംഗാനുരാഗവശനായ് പ്രിയയോടടുത്തു. 40

സാമോദമാ രശ്മിമുഖത്തൊടണഞ്ഞൊരുമ്മ
ധീമാൻ കൊടുത്തുടനയന്റ ചുവപ്പുവൎണ്ണം!
പ്രേമാരുണോദയകരങ്ങൾ പരന്ന ചാരു
സോമാനനം വിമലഭാസുരബിംബമായി! 41

"അത്തോഴികണ്ടിതു കരച്ചിലി"തെന്നു ചൊല്ലി
ഉദ്വേഗഭാവവശയായ് സഖി നിന്ന ദിക്കിൽ
മുദ്രാങ്കിതം മുഖമുയൎത്തി മിഴിച്ചുനോക്കി-
യത്തന്വി, യാസ്സഖി മറഞ്ഞുകഴിഞ്ഞിരുന്നു. 42

നോക്കട്ടെ ഞാൻ സഖിയെയെന്നു പറഞ്ഞു നല്ലോ-
രുക്കംപെടും കനകനിൎമ്മിതബാഹുയുഗ്മം
നീക്കിപ്പിടഞ്ഞു പിടിവിട്ടു നടന്നുചെന്നു
നോക്കാൻതുടങ്ങിയുഷ, വിട്ടിടുകില്ല വീരൻ. 43

മാലേയകുങ്കുമമണിഞ്ഞു മണം പരന്ന
ബാലാൎക്കതുല്യതനുവോടനുകൂലഭാവാൽ
ആലോലമാനസവഴങ്ങിയമൎന്നു നിന്നാ
ചേലെന്നുചൊല്ലു, മവർ കണ്ടനുരാഗലോകം 44

കണ്ടീടുമോ! സുഷിരമാൎഗ്ഗ,മവൾക്കതൊക്കെ-
യുണ്ടോൎക്കണം! വിടണമിങ്ങുടനെത്തിടാം ഞാൻ
വണ്ടാറണിക്കുഴലി തൻസഖികാണുമെന്ന-
ങ്ങുണ്ടായ ചിന്തയൊടതോതി യുവാവിനോടെ. 45

നാമാൎന്നിടും ഭുവനമോഹനചക്രവാള
സീമാന്തികം കനകവൎണ്ണമണിഞ്ഞുപോയി!
പൂമഞ്ഞതണ്ണിക്കുളിർസമീരനുമൊത്തു മിത്രൻ
തൂമന്ദഹാസമൊടു നോക്കിയറയ്ക്കകത്തും. 46

ഘോരക്ക്ഴം ഹൃദയഭേദകഭീതി പോലാ-
നാരീമണിയ്ക്കുദയമേകിയൊരുൾക്കലക്കം!
പാരിങ്കലിപ്രണയിതയ്ക്കൊരു ദിവ്യരാഗ-
ഹാരം ഭയത്തൊടു തലോടുകവേണ്ടിവന്നു. 47

നിത്യം പുലർച്ചയിലുഷയ്ക്കു സപര്യചെയ്യാ-
നെത്തീടുമാസഖിക,ളെന്നൊരുചിന്തയോടെ
അച്ചിത്രലേഖ മണിമാളികതന്റെതാഴേ-
ത്തട്ടിങ്കൽനിന്നു,വരെ മററു വഴിയ്ക്കയച്ചു. 48

ക്രൂരേറിടുന്ന സഹവർത്തിതരെക്കവിഞ്ഞു
വേറെന്തുതാനുലകിൽ മർത്ത്യനുവേണ്ടതോർത്താൽ?
വീറാന്ന ബാണസുതതൻ സഖി ചിത്രലേഖ-
പാറാവുനിന്നിതരരങ്ങു കടന്നിടാതെ. 49

133 2-6

സാന്മാർഗ്ഗികപ്രണയമോ! വിവിധാപരാധ-
മി മന്നിലുണ്ട,തിലിതൊന്നതു ലോകഭാവം!
ഹേ! ചൈത്രികേ! ഭവതിതന്റെ സഹായമൊട്ടു-
മാകാത്തതല്ല, ചിതമാ,ണിഹ വേണ്ടതത്രേ. 50

സമ്മാനസോൽഗളിത വീചികളാം വിചാര-
മിമ്മാത്രയിൽ സഖിയെ മാളികമേൽനയിച്ചു
ശർമ്മാഭിലാഷിണി കവാടതടത്തിലെത്തി-
യമ്മോഹനാംഗിയെ വിളിച്ചുപറഞ്ഞുമന്ദം. 51

വത്സൻ മുറിയ്ക്കകമിരുന്നരുളട്ടെ,വല്ല
ദുസ്സംശയങ്ങൾ പറയും പലരും വരും! നീ
നിസ്സീമമീപുലരി,താവക മംഗളത്തിൻ-
നിസ്സീമമാം പുലരി, പോരുക ചുററിനോക്കാം. 52

കാന്താന്തവാദസഹിതം സതി തോഴിയോടാ-
മാന്താർശരൻെറ സവിധം വെടിയുന്നു മന്ദം
സ്വാന്തം നിതാന്തവിരഹാകുലതുല്യമായ-
പ്പൂന്തേൻമൊഴിയ്ക്കു ചെറുമാത്രകളെത്ര ദീർഘം! 53

ശന്തേ! പൊറുക്കുക, നിനക്കു ഗുണത്തിനത്രേ
പ്രാന്തപ്രദേശപരിവീക്ഷണ കർമ്മമോർത്താൽ
മാന്തോപ്പിലാട്ടെ, മലർവാടിയിലാട്ടെ, പോകാൻ
നിൻതോഴിയാജ്ഞ തരുമെങ്കിലതാചരിയ്ക്കൂ!! 54

ഒന്നുണ്ടു നിൻപ്രിയസമാഗമസന്മുഹൂർത്തം
തന്നിൽപിരിഞ്ഞു നടകൊൾവതസഹ്യമത്രേ
എന്നാകിലും ഭവതിതൻ സ്ഥിതിയോർത്തുകണ്ടാ-
ലിന്നീവിധം വിധി വരിയ്ക്കുകതന്നെവേണം 55

അഞ്ചും മനോഹരതരം മണിമേടവിട്ടു
സഞ്ചാരമാർന്നവരതീവ വിചാരപൂർവം
വഞ്ചിയ്ക്കയാണഖിലരേയുമഹോ! നിരർത്ഥ
സഞ്ചാരമല്ലി? കളവെങ്ങു ജയിപ്പതെന്നാം? 56

വാരാണ്ടിട്ടും നടനശാല, വിശാലവാടി,
നീരംനിറഞ്ഞ നിലനം, മലർമുററമെല്ലാം
ഓരോ വിചാരവശരായവർ ചുററിനോക്കി;
ആരോമൽതൻെറ നിലയെന്തൊരുശോചനീയം! 57

ബാണാത്മജേ! കഠിനമീസഖിമാരെയൊക്കെ-
ക്കാണുമ്പൊളിങ്ങനെ വിരണ്ടു നടുങ്ങലെന്തേ?
പ്രാണൻ നിനക്കുവശമാണിവരൊക്കെ നിന്നെ
ക്കാണുന്നനേരമുരു സംഭ്രമചിത്തരല്ലോ! 58

അല്ലേ വിചിത്രമപരാധികളാത്മസൗഖ്യ
മില്ലാതെതാൻ തലകുനിച്ചു നടന്നിടേണ്ടോർ
അല്ലെങ്കിലീകനകമോഹനഗാത്രിയാളെ-
ക്കൊല്ലുംപ്രകാരമൊരുപീഡസഹിപ്പതെന്താം 59

പൂമൊട്ടിറുത്തു സുമമഞ്ജുഷതന്നിലിട്ടു
സാമോദമങ്ങു നിലകൊണ്ടൊരുദാസിയപ്പോൾ
ഈ മട്ടിതെന്തു? മുഖമൊന്നുപിളർത്തുകാണ്മൂ!
വാമാക്ഷിയാമുഷയോടേവമുരച്ചുകൊണ്ടാൾ. 60

വിദ്യുത്പ്രവാഹസമമീ മൊഴികേട്ടു ഞെട്ടി
ഉദ്വേശശൂന്യഹൃദയത്തോടു കന്യനിന്നു,
അത്തല്വിലോതിയുഷതൻപ്രിയതോഴി; തോഴീ!
ഇദ്ദേവിയെന്നോടു കുളിച്ചിതുറക്കമെന്ന്യേ. 61

സന്താപമോടുഷപറഞ്ഞിതു ചിത്രലേഖേ!
അന്തഃപുരത്തിനകമുന്നിയുടൻ ഗമിക്കാം
സന്തോഷമില്ല, വരികെന്നുപറഞ്ഞു മെല്ലേ
ചിന്താന്തരംഗരതരങ്ങനെ പോയിടുന്നു 62

സ്വാതന്ത്ര്യമില്ല, സഖിയി,ല്ലുഷയില്ല, പിന്നെ
വിതാമയം നിമിഷമെങ്ങനെ പോക്കമാർന്നൻ?
പൂതസ്വഭാവനനിരുദ്ധനതേവിധത്തിൽ
ചേതോവിലാസരഹിതം നിലയായികഷ്ടം! 63

ചിന്നിപ്പറന്ന കുടിലാളകരാജി, കയ്യിൽ
മിന്നുന്ന കങ്കണഗണം, കനകാബ്ജഹാരം
പൊന്നുള്ളപുള്ളിയെഴുമാടകളാദിയാന്ന
തന്വംഗി തൻകണവസന്നിധിതന്നിലെത്തി. 64

ഉന്നിദ്രഹർഷനുഷതന്നോടടുത്തു താടി
തന്നിൽപിടിച്ചുമുഖമങ്ങനുയർത്തിനോക്കി
നിന്നാനിലയ്ക്കു നിമിഷം; ചിരകാലദുഃഖം
തീർന്നോരുമട്ടിലവർ തെല്ലു സമാശ്വസിച്ചു. 65

ഉണ്ടായിടും പ്രണയചാപലലീലയെല്ലാം
കൊണ്ടാടുവാനൊരു തടസ്സമെഴുന്നമൂലം
മിണ്ടാതെയാവിധവികാരവുമുള്ളമത്തി-
ക്കൊണ്ടാവധൂവരർ വസിച്ചു നിരാശയോടെ. 66

ഹാ! കഷ്ട,മെത്ര ദയനീയമഹോ നശിച്ചു
ലോകാപവാദ,മതുമാദരണീയമത്രേ!
മാഴ്കേണ്ടയേ സുമുഖി! നിന്നഭിവാഞ്ഛയെല്ലാം
ശോകത്തിനും പുറകിലുണ്ടതുവന്നുചേരും 67

നാനാവിധാനവിലസൽസദനത്തിനുള്ളിൽ
വാനിൽ ശശാങ്കനുസമം പ്രിയനൊത്തുനില്ക്കും
മാനത്തിനാൽ തരളമാനസയായി പിമ്പേ
ആ നാരിവന്നിഹ വരാന്തയിലെത്തിനോക്കും. 68

താതൻ സദാ ധവളസൗധസമീപമാർന്നി-
ടാതിക്കുമാരിയവിടേയ്ക്കു ഗമിച്ചുകൊള്ളും
ഗീതപ്രവീണകളെ മാളികമേൽ വരുത്തി-
ടാതങ്ങുപോയ് സുദതി പാട്ടുകൾ കേട്ടുകൊള്ളും 69

നീരാടുവാൻ പതിവുപോലുഷ പോയിടും പൊൽ-
ത്താരൊന്നുമിക്കുളിർശരീരിണി പിച്ചുകില്ലാ
നേരംകുറച്ചുമതി മുമ്പിവളേറെനേരം
നീരാട്ടമിങ്ങനെ വിധം പലതും പകർന്നു. 70 —

ഗണ്ഡം തുടുത്തു, മിഴിയൊന്നുകറുത്തു, ചോപ്പു-
വൎണ്ണംകലൎന്നധരവും ശരിയായ് വിളങ്ങി
കണ്ണുള്ളതോഴികളിതെന്തൊരു കാൎയ്യ,മെന്നീ-
വണ്ണം പലേതരവിചാരവിലോലരായാർ. 71

നന്ദാത്മജാത്മജസുതൻ സതിതന്റെ പൂമെ-
യ്യൊന്നിച്ചുചേൎത്തരികിലങ്ങനണച്ചുകൊണ്ടു്
മന്ദം നടന്നു മലർവാടിയിലെത്തിരാഗ-
സന്നാഹമോടൊരുമനോഹരരാത്രിതന്നിൽ 72

ഓരോന്നിതാ! ഭയവിഹീനനുരച്ചുറച്ചു-
പാരം ചിരിച്ചി,തുഷയങ്ങൊരു ഞെട്ടൽ ഞെട്ടി
ഹാ! രാജനന്ദിനി! നിനക്കു വിനാശമാകാ-
മീ രാജസൂനുവിനൊടിങ്ങനെ ചേൎന്നുവെന്നാൽ 73

അല്ലേ, നിതാന്തരസലോലുപനായി വല്ല
സല്ലീലയിൽ കുതുകിയായി വിദേശിയായി
വല്ലോരുടേയുമറയേ ശരണീകരിച്ചു-
തല്ലേ വിചിത്ര?മനിരുദ്ധനിതെത്ര നിന്ദ്യം. 74

ഓൎക്കേണ്ടതല്ലി?യവിചാരിതമായിവണ്ണ-
മൊക്കെബ്ഭവിച്ചു,ശരി; യെങ്കിലുമിഗ്ഗൃഹത്തിൽ
പാൎക്കാതെ കാന്തയെവിളിച്ചു രഹസ്യമായ് തൻ-
ദിക്കിൽ ഗമിപ്പതിതിലെത്രയുമുത്തമം താൻ 75

പ്രാഗത്ഭ്യമാൎന്ന സഖി നിങ്ങളെയേന്തി വായു-
വേഗം സ്വമന്ദിരതലത്തിലണയ്ക്കുമല്ലോ!
രാഗാൎദ്രരായ് സസുഖമങ്ങു വസിച്ചിടാമി-
നാ,ങ്ങൾ തന്നിടയിൽ വാഴ്ചതസാദ്ധ്യമല്ലേ? 76

കന്യാഗൃഹത്തിലൊരു കാന്തനെ വയ്പതേക്കാൾ
നന്നാണു കാന്തനൊരു കന്യയെ വച്ചുകൊണ്ടാൽ
അന്യൻ ഗ്രഹിച്ചു വിനയേറിവരാതിരിപ്പാ-
നിന്നാവിലാസിനികളെത്ര പരുങ്ങിടേണം. 77

ധന്യേ! മനോരമണനാമനിരുദ്ധനിന്നു
നിന്നോക്കറ്റുച്ചധികമാം പ്രണയത്തിനാലെ
തന്നല്ലയോ ചെറുതുമിങ്ങൊരടക്കമെന്യേ
നിന്നീവിധം പലതുരച്ചു ചിരിച്ചിടുന്നു 78

ഭാവിക്കിതോർക്കിൽ ഭവതിക്കു സുശാന്തമായി
ജീവിക്കുവാനൊരു വിഘാതമതായിരിക്കെ
ജീവേശനിൽ നിമിഷവും പ്രണയം വളർന്നു
ഭാവം തപളിയഹൃദയത്തിൽ നിറഞ്ഞിടുന്നു. 79

ഹൃദ്യം നിനക്കു വിനയം, ബഹുമാന, മാർദ്ദ-
പുത്രന്നെഴുന്നഭിമതപ്രിയ, മുററരാഗം
പ്രത്യക്ഷലക്ഷണമിണങ്ങി വിളങ്ങിടുന്ന
ഭർത്തൃപ്രിയേ! ഭവതി സംസ്കൃതചിത്തയത്രേ! 80

ചേതോഹരം, സരസരൂപയുഗങ്ങളേ! യീ
വാത്സല്യസൽക്കുസുമവാടിയിൽനിന്നു ഭംഗ്യാ
ഏതൊക്കെയോ വിവിധലീലകൾ ചെയ്തുകൊള്ളാൻ
ധാതാവയച്ചൊരു വധൂവരർതന്നെ നിങ്ങൾ. 81

പോരും! നിറുത്തുക ശശാങ്കനതാ, കറുത്ത
കാർമേഘപംക്തിയിൽ മറഞ്ഞയിലീലപോരും
കാരുണ്യലേശമിയലാതൊരു ദുഃഖകാലം
ദൂരത്തിലല്ലിവരെ നോക്കിയടുത്തിടുന്നു. 82

മഞ്ഞുണ്ടു മഞ്ജുമുഖി! മഞ്ജുളമായതാം നി-
കുഞ്ജപ്രദേശമിതുവിട്ടറയിൽ ഗമിക്കാം
കഞ്ജായതാക്ഷനനിരുദ്ധനരച്ച തേജഃ
പുഞ്ജത്തൊടാസ്സതിയുമൊത്തു നടന്നിടുന്നു. 83

നാളേറെയിങ്ങനെ നയിച്ചിവർ; വന്നിടുന്ന
കോളൊന്നുമിപ്രണയബദ്ധരറിഞ്ഞതില്ലാ!
ആളീഗണം സതതമീയുഷയോടു ശങ്ക-
കാളുംപ്രകാരമൊരു ദൃഷ്ടിപതിച്ചുവന്നു. 84

പാരുഷ്യമായ്പലതു പാചകശാലതന്നിൽ
കാര്യസ്ഥയോ,ത്തുഷയിടയ്ക്കൊരു,"തിമ്മി"യായോ?
പാരം പദാർത്ഥമിവിടുന്നു പകച്ചു പോവാൻ
കാര്യങ്ങളെന്തറയിലാരുവിശേഷമായി? 85

അന്തഃപുരത്തിലൊരു തോഴിയൊഴിച്ചുനാനാ-
ചിന്തയ്ക്കധീനപരിചാരികവൃന്ദമെല്ലാം,
എന്തോ, പരസ്പരമുരച്ചു രസിച്ചിടാതെ
അന്തർഗ്ഗതങ്ങളെയടക്കി വസിച്ചുകൊണ്ടാർ. 86

നീളംപെടും രജതകുന്തളമുണ്ടു, കാതിൽ
താളംപിടിച്ചിളകിടുന്ന വിഭൂഷണങ്ങൾ.
പോളയ്ക്കുഴക്ക, രദനങ്ങളെഴാത്ത'വാ'യി-
മേളത്തിലാകിഴവി മാളികമേൽ കടന്നു. 87

കാലൊച്ചകേട്ടു കരളൊന്നു വിറച്ചുഴിഞ്ഞ
നീലത്തഴക്കുഴലൊടിന്നുഷ വാതിൽതന്നിൽ
മാലാന്നുടുത്തു, വികൃതാംഗമെഴും പിശാചിൻ-
കോലം മിഴിയ്ക്കു കൊടുമിന്നലതായിരുന്നു. 88

വാതായനത്തിന്റ സമീപമടുത്തകത്താ-
ഭ്രതം സ്വനേത്രയുഗളത്തെ നയിച്ചിടുമ്പോൾ
ഏതാണ്ടു, പൂരുഷരണിഞ്ഞുവിളങ്ങിടേണ്ടു-
പീതാംബരം നയനഗോചരമായ്ഭവിച്ചു. 89

അന്നാളുകണ്ടൊരുഷയല്ലിവ,ളിന്നു ഭാവ-
മൊന്നാകെ മാറി ശിവനേ!യിതിനെന്തു കാര്യം?
എന്നോർത്തു മുത്തശി,യിതൊക്കെയുമെത്ര കണ്ട
കണ്ണാണു! കാര്യമവളൊക്കെയുടൻ ഗ്രഹിച്ചു- 90

ത്രാസംപെടും നളിനലോചനയോടു വൃദ്ധ,
ഹാസം കലർന്നു കുശലങ്ങളുരച്ചു മന്ദം
ആ സാഹസോദ്യമമനിഷ്ടമിവൾക്ക തോർത്തു
ശ്വാസം സുദീർഘതരമായുഷ വിട്ടിടുന്നു. 91

"ഇല്ലിന്നെനിയ്ക്കു സമയം കിഴവി! വിശേഷ-
മെല്ലാമൊരിക്കലെരുളാമയി പോക! വേഗം"
പൊല്ലാത്ത വേല,യിദമോർത്തവൾ നോക്കി യാത്ര
ചൊല്ലാതെ താൻ കിഴവി മാളികയേ ത്യജിച്ചു. 92

ശങ്കാവലോകനശരത്തിനെഴുന്നമൂർച്ച-
ചെങ്കുങ്കുമാധരിയിലേററവളമ്പരന്നു
ഉൾക്കേറിടും കിഴവിയിങ്ങനെ വാണ ബാണ-
സങ്കേതമാർന്നു വിവരങ്ങളുണർത്തുവാനായ്. 93

അസ്വസ്ഥയായ് കഠിനവേദനപൂണ്ടു കണ്ണീ-
രിററിററു വീണുമധരം വിറയാർന്നുമോമൽ
അച്ചാരുമഞ്ചമൊടടുത്തനിരുദ്ധനപ്പോ-
ളത്യന്തസംഭ്രമമൊടോമനയെപ്പിടിച്ചു. 94

നാഥാ! നമുക്കു വിനയേററമെടുത്തു; കാന്തേ!
താതൻ ഗ്രഹിക്ക;മതിനെന്തൊരു ചേതമാൎയ്യേ?
സൗമ്യത്തൊടാകിലതുമ,ന്നഥവാ വിരോധ-
ഭാവത്തിലാട്ടെയനിരുദ്ധനതീവ ശക്തൻ. 95

കണ്ണീർതുടച്ചു കലുഷാഭകലൎന്ന ചാരു-
പൂൎണ്ണേന്ദുബിംബവദനം മൃദുവായ്‌തലോടി,
കൎണ്ണത്തിലോതിയനിരുദ്ധനുഷേ! നിനക്കീ
പൊണ്ണത്തമോ! നൃപനതാരു? മനുഷ്യനല്ലേ? 96

"ഭൂപാലനും മനുജനാ"ണതുചൊല്ലിടാനീ
ഗോപാലപൗത്രനവകാശവുമുണ്ടു താനും.
ആപത്തിലീ യദുകുലോത്തമനുള്ളിലൊട്ടും
താപംവരില്ലതു കുലോന്നതിതൻവിശേഷം. 97

പാലിക്കണേംജയവിശാലമതേ! ധരേശാ!
കാലംമറിഞ്ഞതടിയനുണ്ടൊരുകാൎയ്യമോതാൻ
പാലൊത്ത കീൎത്തിയൊരുഭാഗ,മഹോ! പറഞ്ഞാൽ
ചേലെന്നുരച്ചു തൊഴുകയ്യൊടുനിന്നു വൃദ്ധ. 98

വീണ്ടും കഥിച്ചുഷയൊരന്ന്യനൊടുററമൈത്രി
പൂണ്ടങ്ങതീവ സുഖമായ് നിവസിച്ചിടുന്നു.
വേണ്ടുന്നതെന്തു? ഭടരോടുപറഞ്ഞുവെന്നാൽ
കണ്ടെത്തിടാം സകലമെന്നുടെ തമ്പുരാനേ. 99

എന്തെന്നുരച്ചുടൽവിറച്ചു; പിരിച്ചുമീശ;
ചിന്തിച്ചു കണ്ണുകൾചുവന്നു; നടുങ്ങിലോകം
ബന്ധിച്ചിടട്ടവിടെയാ,രിതുമട്ടു ബാണൻ
പൊന്നുന്നകോപമൊടൊരാജ്ഞകൊടുത്തുനിന്നാൻ.

ആൎത്തീടുംഭടരങ്ങടുത്ത നിനദം
        കേട്ടേന്തിവാളപ്പുമാൻ;
ചേൎത്താൻധീരത കണ്ണുനീരെഴുമൃഷ-
        യ്യൊട്ടൊട്ടുശാന്തോക്തിയാൽ;
പാൎത്തീടാതെ പടയ്ക്കടുത്തഭടർതൻ
        മദ്ധ്യേ കുതിച്ചാഞ്ഞുതൻ
കീൎത്തിക്കേറെവരുത്തിമാററ്;ഭടരും
        ബന്ധിച്ചു തന്ത്രത്തിനാൽ! |൧|

ശുഭം.

# സ്തോത്രരത്നാകരം

## സവ്യാഖ്യാനം

---

അനേകായിരം ഗൃഹങ്ങളിൽ പാരായണംചെയ്തു കൊണ്ടിരിക്കുന്നതും, ഭക്തിസംവൎദ്ധകങ്ങളുമായ സരസ്വതീസ്തോത്രങ്ങൾ, വിഷ്ണുസ്തോത്രങ്ങൾ, മഹാലക്ഷ്മീസ്തോത്രങ്ങൾ, ശിവസ്തോത്രങ്ങൾ, അവതാരസ്തോത്രങ്ങൾ, ശ്രീരാമസ്തോത്രങ്ങൾ, ഹനൂമൽസ്തോത്രങ്ങൾ, ശ്രീകൃഷ്ണസ്തോത്രങ്ങൾ, ആദിത്യസ്തോത്രങ്ങൾ, ദേവീസ്തോത്രങ്ങൾ, ദിവ്യതിർത്ഥസ്തോത്രങ്ങൾ എന്നീ ഓരോ വിഭാഗത്തിലുമായി ബഹുശതം സ്തോത്രങ്ങൾവീതം പരസഹസ്രം സ്തോത്രതല്ലജങ്ങൾ അടങ്ങിയതു്.

സംസ്കൃതാനഭിജ്ഞന്മാൎക്കുകൂടി ഈ സ്തോത്രങ്ങളുടെ അർത്ഥം സുഗ്രഹമാകത്തക്ക രീതിയിൽ ഓരോ പദ്യങ്ങളുടെയും ചുവടേ ലളിതമലയാളത്തിൽ സാരവും കൊടുത്തിട്ടുണ്ടു്.

വില രൂ. 1. ണ. 8.

മാനേജർ,

ശ്രീരാമവിലാസം ബുക്കഡിപ്പോ — കൊല്ലം.

# അഷ്ടാംഗഹൃദയം

## കല്പസ്ഥാനം

ഭാഷാവ്യാഖ്യാനസഹിതം അച്ചടിച്ചു തയ്യാറായിരിക്കുന്നു

വില രൂപാ 1.

കൂടാതെ അഷ്ടാംഗഹൃദയം സൂത്രസ്ഥാനം, നിദാനസ്ഥാനം, ശരീരസ്ഥാനം, ചികിത്സിതസ്ഥാനം എന്നിവയുടെ ഭാഷാവ്യാഖ്യാനങ്ങളും ഇവിടെ കിട്ടുന്നതാണു്.

# ഹിന്ദീ സ്വയംശിക്ഷക്

ഗ്രന്ഥകർത്താ,

കെ. വാസുദേവൻപിള്ള, രാഷ്ട്രഭാഷാവിശാരദ്.

വളരെ ചുരുങ്ങിയ സമയംകൊണ്ടു് ഹിന്ദിഭാഷാഭ്യസനം ലഭിക്കുവാൻതക്ക വിധത്തിൽ പാഠം, പദപ്രയോഗം, ഉച്ചാരണം, വ്യാകരണനിയമങ്ങൾ, വാചകങ്ങൾ മുതലായവയും ലളിതമായ മലയാളശൈലിയിൽ അർത്ഥവും അടങ്ങിയ ഒരു ഗ്രന്ഥമാണു് ഈ ഹിന്ദീ സ്വയംശിക്ഷക്. ഈ പുസ്തകപാഠനത്തിനു് അന്യസഹായമേ ആവശ്യമില്ല. ഈ സ്വയംശിക്ഷക് ശരിയായി പഠിച്ചുവന്നാൽ 3 മാസംകൊണ്ടു് ഹിന്ദിഭാഷ സാമാന്യമായി എഴുതുവാനും സംസാരിക്കുവാനും കഴിയുന്നതാണു്.

വില രൂ. 1 ണ. 4.

108

മാനേജർ,

ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം.

ബ്രാഞ്ചുകൾ:—തിരുവനന്തപുരം, ആലപ്പുഴ.

KOTTAYAM PUBLIC LIBRARY

**KOTTAYAM.**

*Cl. No.* MAI *Acc. No.* 13326

This book should be returned on or before the date last stamped below.

C. No. MA1 Acc. No. 13326

AUTHOR

ഉണ്ണി. കെ.വി.

TITLE

അരമനയിലെ അന്ന...

MA1 13326

ഉണ്ണി. കെ.വി.

അരമനയിലെ അന്തിദയൽ